ദൈവത്തിന്റെ ചുരുളുകൾ

DIVINE SCROLLS

A CHRISTIAN MAGAZINE FOR THE CHOSEN GENERATION



"പുതിയൊരു പരിശീലനം"

(തിരുവചന ചിന്തകൾ)

SEPT
2024

CONTENTS

- **തിരുവചന ചിന്തകൾ :**
  "പുതിയൊരു പരിശീലനം " Page - 03

- **ജീവിതങ്ങളിലൂടെ വാക്കുകളിലൂടെ** Page - 16

പുതിയൊരു പരിശീലനം

(തിരുവചന ചിന്തകൾ)

നമ്മുടെയെല്ലാം ജീവിതത്തിൽ യേശുവിനെക്കുറിച്ചു കേൾക്കുവാനും അറിയുവാനും മനസ്സിലാക്കുവാനുമായി അനേകം മുഖാന്തിരങ്ങൾ (വഴികൾ) ദൈവം ഒരുക്കിയിട്ടുണ്ട്. നമ്മുടെ ജനനത്തിനുമുമ്പുതന്നെ ദൈവം നമ്മെ കണ്ടതുകൊണ്ടു (ക്രിസ്തുവിൽ തിരഞ്ഞെടുത്തിരിക്കുന്നതിനാൽ) നാം ഈ ഭൂമിയിലേക്ക് ദൈവത്താൽ അയക്കപ്പെടുമ്പോൾ (ജനിക്കുമ്പോൾ) മുതൽ ദൈവത്തെ ഗ്രഹിക്കുവാനും മനസ്സിലാക്കുവാനുമുള്ള വഴികൾ ദൈവം നമ്മുടെ മുൻപിൽ ഒരുക്കുന്നു.

നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിലേക്കു നോക്കുക, ക്രിസ്തീയ പശ്ചാത്തലത്തിൽ ജനിച്ചവർ, അവർ വളർന്നുവന്ന ചുറ്റുപാടുകളിൽനിന്നുതന്നെ യേശുവിനെക്കുറിച്ചു കേട്ടു. തുടർന്നു, ആ കേട്ട യേശുവിനെക്കുറിച്ചു മാതാപിതാക്കൾക്കും ഗുരുക്കന്മാർക്കും ആത്മീയ നേതൃത്വത്തിനും അറിവുള്ളതുപോലെ അവർ പകർന്നുനല്കുകയും അവയുടെ വെളിച്ചത്തിൽ നാം വളരുകയും ചെയ്തു. ഇതര പശ്ചാത്തലത്തിൽ ജനിച്ചവർ, അവർക്കു പരിചിതമല്ലാതിരുന്ന യേശുവിനെക്കുറിച്ചു അവർ കേൾക്കുന്നത് നന്നേ വൈകിയാണെങ്കിലും അവർ കേട്ട ആ സത്യത്തിൽ അവർ വിശ്വസിച്ചു. അവിടെ നിന്നും അവർ ക്രിസ്തുവിൽ വളരുവാനും ആരംഭിക്കുന്നു. മേൽപ്പറഞ്ഞ രണ്ട് സാധ്യതകളിലൂടെയാണ് നമ്മിലേക്ക് യേശുക്രിസ്തു എന്ന വ്യക്തിയെ ദൈവം നൽകുന്നത്.

UNLEARNING അഥവാ പഠിച്ചവ ബുദ്ധിയിൽനിന്നും നീക്കം ചെയ്യുന്ന ഒരു പ്രക്രിയയെക്കുറിച്ചു നാം എവിടെയെങ്കിലും കേട്ടിട്ടുണ്ടാവണം.

ഈ പദത്തിന്റെ പ്രസക്തിയെക്കുറിച്ചു നമുക്കു ചിന്തിക്കാം. UNLEARNING എന്ന വാക്കിനെ അതിന്റെ പൂർണ്ണാർത്ഥത്തിൽ നാം എടുക്കുവാൻ ആഗ്രഹിക്കുന്നില്ല. എന്നാൽ, ആത്മീയ ജീവിതത്തിൽ ഈ വാക്കിന് ചില പ്രത്യേകതകകളുണ്ട്.

ഒന്നാതായി, നമ്മുടെ ആത്മീയ വളർച്ചക്കു തടസ്സമായി നിൽക്കുന്നത് നമ്മിൽതന്നേ മുഴച്ചുനിൽകുന്ന അറിവുകളാണ് (അഥവാ അറിവുകളെന്നു നാം വിശേഷിപ്പിക്കുകയും വിശ്വസിക്കുകയും ചെയ്യുന്ന ചില ചിന്തകളാണ്). ഈ അറിവുകൾ ഭാഗികങ്ങളായ സത്യങ്ങളും അപൂർണ്ണങ്ങളായ വിവരങ്ങളുമാകയാൽ, നന്മയെക്കാളുപരിയായി നമ്മുടെതന്നെ ആത്മീയ ശോഷണത്തിനു ഇത് കാരണമായിത്തീരുന്നു.

1 തിമൊഥെയൊസ് 4:7
7 ഭക്തിവിരുദ്ധമായ കിഴവിക്കഥകളെ ഒഴിച്ചു ദൈവഭക്തിക്കു തക്കവണ്ണം അഭ്യാസം ചെയ്ക.

ഒരുപക്ഷേ, നമ്മുടെമുൻപേ കടന്നുപോയ ഏതോ ഒരുവ്യക്തി തന്റെ സാഹചര്യങ്ങളിൽനിന്നും പ്രചോദിതനായി സന്ദർഭവശാൽ ചെയ്തതോ അനുകരിച്ചതോ ആവാം ഇത്തരം കാര്യങ്ങൾ. എന്നാൽ, അവ ഒരു ഉപദേശ രൂപമെടുത്തു (അല്ലെങ്കിൽ, അതിനോളം ശക്തിയോടെ) നമ്മുടെ ആത്മീയ ജീവിതത്തിൽ കടന്നുകൂടുമ്പോൾ അവയെ തിരിച്ചറിഞ്ഞു നാം ജീവിക്കേണ്ടുന്നത് ആത്മീയ ജീവിതത്തിനാവശ്യമാണ്. പൊള്ളയായ ചിന്തകൾ നമ്മുടെ ക്രിസ്തീയ ജീവിതത്തെ ബാധിക്കുവാൻ പാടില്ല. ഇത്തരം ചിന്തകൾ നമ്മുടെ ചര്യകളെ ബാധിച്ചാൽ അവ, നിരർത്ഥകമായി നമ്മിൽ എന്നാളും തുടരുകയും നമ്മെ വഞ്ചിക്കുകയും ചെയ്യും.

ചില ഉദാഹരണങ്ങൾ എടുത്താൽ, സാത്താനെ അകാരണമായി 'ശാസിക്കുന്ന' ചിലരുടെ പ്രകൃതത്തെപ്പറ്റി നോക്കുക. സാത്താനോട് എതിർത്തുനിൽക്കുവാൻ വചനം നമ്മോടാവശ്യപ്പെടുമ്പോൾ, അവയെ എല്ലായ്പ്പോഴും ശാസിക്കുകമാത്രം ചെയ്യുകയും കൂടെകൂടെ സാത്താന്യശക്തിയെക്കുറിച്ചു (പുകഴ്ത്തിയോ ഇകഴ്ത്തിയോ) ഘോരമായി സംസാരിക്കുകയും ചെയ്യുന്നതിൽ എന്തു പ്രയോജനം? നമ്മുടെ കുറവുകളെ സ്വയം മൂടിവയ്ക്കുവാൻ നാംതന്നേ സൃഷ്ടിച്ചുണ്ടാക്കിയ, നമ്മുടെ കുറവുകൾ അവയുടെമേൽ ആരോപിച്ചു രക്ഷപെടുവാൻ ഒരു സാത്താൻ ചിലർക്കു ആവശ്യം എന്നു തോന്നുന്നു.!

യാക്കോബ് 4: 6-7
6 എന്നാൽ അവൻ അധികം കൃപ നല്കുന്നു; അതുകൊണ്ടു "ദൈവം നിഗളികളോടു എതിർത്തുനിൽക്കയും താഴ്മയുള്ളവർക്കു കൃപ നല്കുകയും ചെയ്യുന്നു" എന്നു പറഞ്ഞിരിക്കുന്നു.

7 ആകയാൽ നിങ്ങൾ ദൈവത്തിന്നു കീഴടങ്ങുവിൻ; പിശാചിനോടു
എതിർത്തുനില്പിൻ; എന്നാൽ അവൻ നിങ്ങളെ വിട്ടു ഓടിപ്പോകും.

ഈ പ്രവണതയെ നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. ദൈവീകനിയോഗത്താൽ സാത്താനെ ശാസിക്കുന്നതാവശ്യം. എന്നാൽ അത് കേവലം കടമെടുത്ത ഒരു വാക്കുപോലെ സദാ ഉപയോഗിക്കുകയും അവയെ കാഴ്ചവയ്ക്കുകയുംചെയ്യുമ്പോൾ, ആത്മീയമായ യാതൊരു പ്രവൃത്തിയും അവിടെ സംഭവിക്കുന്നില്ല എന്ന് മാത്രമല്ല, അവ നമുക്കറിഞ്ഞുകൂടാത്ത ഏതോ ഒരു തലത്തിലേക്ക് നമ്മെ ശൂന്യതയോടെ നടത്തുകയും ചെയ്യുന്നു.

എഫെസ്യർ 6:10-13
10 ഒടുവിൽ കർത്താവിലുംഅവന്റെഅമിതബലത്തിലുംശക്തിപ്പെടുവിൻ.
11പിശാചിന്റെ
തന്ത്രങ്ങളോടുഎതിർത്തുനില്പാൻകഴിയേണ്ടതിന്നുദൈവത്തിന്റെസർവ്വാ
യുധവർഗ്ഗംധരിച്ചുകൊൾവിൻ.
12നമുക്കു പോരാട്ടംഉള്ളതുജഡരക്തങ്ങളോടല്ല,
വാഴ്ചകളോടുംഅധികാരങ്ങളോടുംഈഅന്ധകാരത്തിന്റെലോകാധിപതി
കളോടുംസ്വർല്ലോകങ്ങളിലെദുഷ്ടാത്മസേനയോടുംഅത്രേ.
13 അതുകൊണ്ടു
നിങ്ങൾദുർദ്ദിവസത്തിൽഎതിർപ്പാനുംസകലവുംസമാപിച്ചിട്ടുഉറെച്ചുനില്പാ
നുംകഴിയേണ്ടതിന്നുദൈവത്തിന്റെസർവ്വായുധവർഗ്ഗംഎടുത്തുകൊൾവിൻ.

ദൈവീക ശുശ്രൂഷയുടെ ഭാഗമായ ചില വാക്കുകൾ മാത്രം 'കടംകൊണ്ട്' നാം പ്രാർത്ഥിക്കുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. നമ്മുടെ പ്രാർത്ഥനയും ശുശ്രൂഷയും ദൈവീക നിയന്ത്രണത്തിലും ആത്മപ്രചോദിതവുമാകേണ്ട-താകുന്നു.

ഇതേപോലെയാണ് ദൂതന്മാരോട് കല്പനകൊടുത്തുകൊണ്ടുള്ള ചിലരുടെ പ്രാർത്ഥനകളും! വാസ്തവത്തിൽ, ദൂതന് കല്പനകളും ഉത്തരവുകളും കൊടുക്കുന്നത് മനുഷ്യരായ നമ്മുടെ ഉത്തരവാദിത്വമോ ജോലിയോ അല്ല. അത് ദൈവം ചെയ്യേണ്ടുന്നവയാണ്. എന്നാൽ, ഒരു നിയാഗത്തിനായി ദൂതനെ അയയ്ക്കുവാൻ ദൈവത്തോട് പ്രാർത്ഥിക്കുവാൻ നമുക്കു കഴിയും എന്നാൽ ദൂതനോട് നാം കല്പനകൊടുക്കേണ്ടതില്ല.

ഇതേപോലെ, ദൈവത്തെ ആരാധിക്കുന്ന കൂട്ടായ്മ മദ്ധ്യേ ചിലർ സ്വീകരിച്ചുവരുന്ന ശബ്ദ വ്യതിയാന രീതികളും അതിശയോക്തി ജനിപ്പിക്കുന്ന നാടകീയങ്ങളായ സംസാര രീതികളും, ഇവയെല്ലാം നമ്മുടെയിടയിൽ ആവർത്തിക്കപ്പെടുമ്പോൾ ഇതിലെല്ലാം ആത്മീയമായ എന്തോ ഒരു 'മർമ്മമുണ്ടെന്ന' മിഥ്യാധാരണ ചിലരുടെ മനസ്സിലെങ്കിലും വേരുപിടിക്കാതിരിക്കയില്ല. ശബ്ദ വ്യതിയാനങ്ങളുടെ ആവശ്യം നമുക്കുവേണ്ട. എന്നാൽ സ്വാഭാവികമായി ഉണ്ടാകാനിടയുള്ളവയെ തുഛീകരിക്കുകയുമരുത്. ഇത്തരം കളകളെ, അവയെ ഇട്ടവർതന്നെ പറിച്ചുകളയുമ്പോൾ വയൽ ഒരുക്കപ്പെടും.

മറ്റുചിലരാകട്ടെ, ദൈവദാസന്മാരെയും ശുശ്രൂഷകരെയും കാണുന്നമാത്രയിൽതന്നേ പണം കൊടുത്തുകൊണ്ട് 'സഹായിക്കുവാൻ' നിൽക്കുന്നവരാണ്. ആ സഹായത്തിനു മുൻപ് ഒരിക്കലെങ്കിലും ദൈവത്തോട് താൻ ഇത്തരമൊരു സാമ്പത്തികസഹായം ചെയ്യണമോ എന്ന് ആലോചന ചോദിക്കാതെ, ശുശ്രൂഷകരെ കാണുമ്പോൾത്തന്നെ പണംകൊടുത്തു സഹായിക്കുവാൻ ഒരുമ്പെടുന്നു.

അവർ ദൈവത്തിനുവേണ്ടി പ്രയോജനപ്പെടണമെന്നു നാം ആഗ്രഹിക്കുവെങ്കിൽ പണമല്ല പ്രധാനം, ആദ്യം അവർക്കായി പ്രാർത്ഥിക്കുക ശേഷം എന്തെല്ലാം കൂട്ടായ്മ അവർക്കായി നാം മുഖേന ദൈവം ചെയ്യുവാൻ ആഗ്രഹിക്കുന്നുവോ അതിനായി സ്വയം സമർപ്പണത്തോടെ പ്രാർത്ഥനയോടെ പൂർണ്ണമനസ്സോടെ ചെയ്യുക. അങ്ങനെ ചെയ്യുമ്പോൾ നമ്മുടെ പണത്തേക്കാളും നാം കൊടുത്ത ആദരവിനെക്കാളും അധികമായി അവർ ദൈവത്തെ സ്തുതിക്കും.

ദൈവദാസന്മാരെ ദൂരെനിന്നുകാണുമ്പോൾത്തന്നെ പണത്തിനായി (സ്തോത്ര കാഴ്ചക്കായി) പരതിനടക്കാതെ തുറന്ന മനസ്സോടും ക്രിസ്തുവിന്റെ സ്നേഹത്തോടും ചേർന്നിരുന്നു കൂടെ അവരോടുചേർന്നിരുന്നു അവർക്കുവേണ്ടിയും അവരുടെ വേലയെ ഓർത്തും പ്രാർത്ഥിക്കുവാൻ ശ്രമിക്കുക.
ഇതിന്റെ മറ്റൊരു വശം ചിന്തിക്കാം. അപഹസിച്ചുകൊണ്ടു ദൈവനാമത്തിൽ ശുശ്രൂഷകരെയും ദൈവവേലക്കാരെയും സാമ്പത്തികമായി സഹായിക്കാതിരിക്കുക.

എബ്രായർ 13:20-21
16 നന്മചെയ്‌വാനും കൂട്ടായ്മ കാണിപ്പാനും മറക്കരുതു. ഈവക
യാഗത്തിലല്ലോ ദൈവം പ്രസാദിക്കുന്നതു.

ദൈവദാസന്മാർക്കും ശുശ്രൂഷകർക്കും നാം ദൈവഹിതപ്രകാരം സാമ്പത്തികമായി കൂട്ടായ്മ കൊടുക്കുമ്പോൾ, അത് സ്വീകരിക്കുന്ന വ്യക്തി കൊടുക്കുന്നവനെക്കാൾ ചെറുതോ വലുതോ എന്ന ചിന്ത ദൈവാരാജ്യത്തിലില്ല. ദൈവം തന്നതിനെ ദൈവത്തിന്റെ ഹിതത്തിലേക്കു കൈമാറുന്നു, അതും ദൈവനാമമഹത്വത്തിനായി മാത്രം. എന്തെല്ലാം നാം കൊടുക്കുവാൻ (പ്രത്യേകമായി സാമ്പത്തികം) ശ്രമിച്ചാലും അവിടെയൊക്കെ 'ഞാൻ/എന്റെ' മുഴച്ചുനിൽക്കുന്നുവെങ്കിൽ അവയെ മുറിച്ചുമാറ്റിയതിനുശേഷം മാത്രം കൊടുക്കുക. കാരണം, നമ്മുടെ കൈകളിൽനിന്നു കൊടുത്തത് ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ ആയിത്തീരണമെങ്കിൽ എല്ലാത്തരം 'ഞാൻ/എന്റെ' യും ഉടഞ്ഞേ മതിയാവൂ

കൊലൊസ്സ്യർ 3:17
17 വാക്കിനാലോ, ക്രിയയാലോ എന്തു ചെയ്താലും സകലവും കർത്താവായ
യേശുവിന്റെ നാമത്തിൽ ചെയ്തും അവൻ മുഖാന്തരം പിതാവായ
ദൈവത്തിന്നു സ്തോത്രം പറഞ്ഞുംകൊണ്ടിരിപ്പിൻ.

സത്യത്തിൽ ഇങ്ങനെ ചെറുതിൽ തുടങ്ങി വലുതിലേക്കു നാം തെറ്റിപോയ്ക്കൊണ്ടേയിരിക്കുന്നു. ഇവയൊന്നുംതന്നെ ആത്മീകമായ സമ്പന്നതയുടെ ഭാഗമല്ല. എന്ന സത്യം നാം തിരിച്ചറിയുമ്പോൾ സ്വസ്ഥതയോടും സമർപ്പണത്തോടുംകൂടെ ക്രിസ്തുവിൽ മുന്പോട്ടുപോകുവാൻ നമുക്ക് കഴിയും.

കൊലൊസ്സ്യർ 2:8-11
8 തത്വജ്ഞാനവും വെറും വഞ്ചനയും കൊണ്ടു ആരും നിങ്ങളെ
കവർന്നുകളായതിരിപ്പാൻ സൂക്ഷിപ്പിൻ; അതു മനുഷ്യരുടെ
സമ്പ്രദായത്തിന്നു ഒത്തവണ്ണം, ലോകത്തിന്റെ ആദ്യ പാഠങ്ങൾക്കു
ഒത്തവണ്ണം അല്ലാതെ ക്രിസ്തുവിന്നു ഒത്തവണ്ണമുള്ളതല്ല.
9 അവനിലല്ലോ ദൈവത്തിന്റെ സർവ്വ സമ്പൂർണ്ണതയും ദേഹരൂപമായി
വസിക്കുന്നതു.

10 എല്ലാവാഴ്ചെക്കും അധികാരത്തിന്നും തലയായ അവനിൽ നിങ്ങൾ പരിപൂർണ്ണരായിരിക്കുന്നു.
11 അവനിൽ നിങ്ങൾക്കു ക്രിസ്തുവിന്റെ പരിച്ഛേദനയാൽ ജഡശരീരം ഉരിഞ്ഞുകളഞ്ഞതിനാൽ തന്നേ കൈകൊണ്ടല്ലാത്ത പരിച്ഛേദനയും ലഭിച്ചു.

UNLEARNING - എന്ന പദത്തിന്റെ അർത്ഥം ഇവിടെ ആവശ്യമായിരിക്കുന്നു. നാം ശരിയെന്നു കരുതി പഠിച്ചതിനെയും കൂടെകൂട്ടിയതിനെയും ശരിയല്ലെന്നും ആത്മീയമല്ലെന്നും തിരിച്ചറിയുമ്പോൾ നമ്മുടെ ആത്മീയ വളർച്ചയ്ക്കും ദൈവനാമ മഹത്വത്തിനുമായി ഉപേക്ഷിക്കുകയും ചെയ്യുന്നതിന്റെ പേരാണ് UNLEARNING. ഇത് നാം ഉപേക്ഷിക്കുക മാത്രമല്ല, മറ്റുള്ള നമ്മുടെ സ്നേഹിതരിലേക്കു പകർന്നുകൊടുക്കുകയും ചെയ്യുമ്പോൾ, ആത്മാവിന്റെ സ്വാതന്ത്രത്തിലേക്കും വചനത്തിന്റെ സത്യത്തിലേക്കും ക്രിസ്തുവിന്റെ യഥാർത്ഥ ജീവനിലേക്കും നമുക്കവരെ ആത്മാവിൽ നടത്തുവാൻ കഴിയും.

എബ്രായർ 10:19-23
19 അതുകൊണ്ടു സഹോദരന്മാരേ, യേശു തന്റെ ദേഹം എന്ന തിരശ്ശീലയിൽകൂടി നമുക്കു പ്രതിഷ്ഠിച്ച ജീവനുള്ള പുതുവഴിയായി,
20 തന്റെ രക്തത്താൽ വിശുദ്ധമന്ദിരത്തിലേക്കുള്ള പ്രവേശനത്തിന്നു
21 ധൈര്യവും ദൈവാലയത്തിന്മേൽ ഒരു മഹാപുരോഹിതനും നമുക്കുള്ളതുകൊണ്ടു
22 നാം ദുർമ്മനസ്സാക്ഷി നീങ്ങുമാറു ഹൃദയങ്ങളിൽ തളിക്കപ്പെട്ടവരും ശുദ്ധവെള്ളത്താൽ ശരീരം കഴുകപ്പെട്ടവരുമായി വിശ്വാസത്തിന്റെ പൂർണ്ണനിശ്ചയം പൂണ്ടു പരമാർത്ഥഹൃദയത്തോടെ അടുത്തു ചെല്ലുക.
23 പ്രത്യാശയുടെ സ്വീകാരം നാം മുറുകെ പിടിച്ചുകൊൾക; വാഗ്ദത്തം ചെയ്തവൻ വിശ്വസ്തനല്ലോ.

കഴുകിയ അരിയിൽ കല്ലുകൾ ശേഷിച്ചാൽ, എത്ര രുചിയോടെ പാകം ചെയ്താലും കറികൾ ശ്രേഷ്ഠമായാലും സ്നേഹത്തോടെ വിളമ്പിയാലും ശേഷിച്ച കല്ലുകൾ ഭക്ഷണ ആസ്വാദനത്തെ പൂർണ്ണമായി തടസ്സപ്പെടുത്തും. ഇതുപോലെ, ആത്മീയ ജീവിതം ആസ്വാദനത്തിനും ആനന്ദത്തിനുംപകരം നിരർത്ഥകമായ ആവേശത്തിനും പിറുപിറുപ്പുകൾക്കുമായിത്തീരാതിരിക്കുവാൻ ശ്രദ്ധിക്കുക.

പ്രാർത്ഥനയെ ഒരു തൊഴിൽ പോലെ കരുതുന്നവരുമുണ്ട് നമുക്കിടയിൽ. അവർ ദൈവത്തോടുള്ള സംഭാഷണമായിട്ടല്ല പ്രാർത്ഥനയെ കരുതുന്നത് പ്രത്യുത, അനുഷ്ഠിക്കേണ്ടുന്ന ഒരു കർമ്മമായി പ്രാർത്ഥനയെ കണ്ടുവരുന്നു.

ദൈവം നമ്മെ പ്രാർത്ഥനാ മനുഷ്യരാക്കുവാൻ ആഗ്രഹിക്കുന്നു. എന്നാൽ നമ്മുടെ ആഗ്രഹം നിമിത്തം, നാം വേതനം ആഗ്രഹിക്കുന്ന 'പ്രാർത്ഥനാ തൊഴിലാളികളായി' മാറുന്നു.
വാസ്തവത്തിൽ പ്രാർത്ഥിക്കുമ്പോൾ യഥാർത്ഥ രൂപാന്തരം നമ്മിലാണു സംഭവിക്കുന്നത്. പ്രാർത്ഥനയുടെ ആദ്യഫലം അനുഭവിക്കുന്നവരും നാം തന്നേ.

കഴിഞ്ഞ കാലങ്ങളിൽ ഏതൊരു കൊച്ചുകുഞ്ഞിനെയും നാം പ്രാർത്ഥനയുടെ നിർവചനമായി പഠിപ്പിച്ചുവന്നത് "ദൈവത്തോടുള്ള നമ്മുടെ സംഭാഷണം" എന്നാണ്. എന്നാൽ, അന്നു കുഞ്ഞുങ്ങൾക്കു പഠിപ്പിച്ചുകൊടുത്ത നാം തന്നേ അതിൽനിന്നും വ്യതിചലിച്ചുകൊണ്ടു യാന്ത്രികമായ ഒരു പ്രവൃത്തിപോലെ, പ്രാർത്ഥനയെ ദൈവത്തോടുള്ള നമ്മുടെ സംഭാഷണമെന്ന നിലയിൽനിന്നും നീക്കിക്കളഞ്ഞു. പ്രാർത്ഥന അർത്ഥപൂർണ്ണമാകുന്നത് അതിൽ നാമും ദൈവവും ഒരുപോലെ പങ്കുചേരുമ്പോൾ മാത്രമാണ്. അതിൽ ഒരാൾ മാത്രം സന്നിഹിതനാവുമ്പോൾ പ്രാർത്ഥന അപൂർണ്ണമാവുകയും അർത്ഥശൂന്യമാവുകയും ചെയ്യും.

മത്തായി 18:19-20
19 ഭൂമിയിൽവെച്ചു നിങ്ങളിൽ രണ്ടുപേർ യാചിക്കുന്ന ഏതു കാര്യത്തിലും ഐകമത്യപ്പെട്ടാൽ അതു സ്വർഗ്ഗസ്ഥനായ എന്റെ പിതാവിങ്കൽ നിന്നു അവർക്കു ലഭിക്കും;
20 രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടിവരുന്നേടത്തൊക്കെയും ഞാൻ അവരുടെ നടുവിൽ ഉണ്ടു എന്നും ഞാൻ നിങ്ങളോടു പറയുന്നു.”

പ്രാർത്ഥനയെ അർത്ഥപൂർണ്ണമാക്കുവാനുള്ള വൃഥാശ്രമങ്ങളും നമുക്കിടയിലുണ്ട്. മറ്റുള്ളവർ കാൺകെ / കേൾക്കെ പ്രാർത്ഥിക്കുമ്പോൾ, അത്തരം പ്രാർത്ഥനകൾക്കു നാം തന്നെ നിറവും ഗുണവുമൊക്കെ നൽകുവാൻ വൃഥാ അധ്വാനിക്കുന്നുണ്ട്! പ്രാർത്ഥന എന്ന് മാത്രമല്ല, ക്രിസ്തീയ ആത്മീയ ജീവിതം ദൈവകൃപയാലുള്ള ജീവിതമാണ്. അതായതു, ഇവിടെ 'നമ്മുടെ ചേരുവകളാകുന്ന' ഇത്തരം നിറം പിടിപ്പിക്കലുകൾ, ദൈവസന്നിധിയിൽ നിലനിൽക്കുകയില്ല. പ്രാർത്ഥന ആയിക്കൊള്ളട്ടെ, ക്രിസ്തീയ ജീവിതം ആയിക്കൊള്ളട്ടെ, സകലത്തിലും നാം ദൈവത്തിനു നമ്മോടു ഇടപെടുവാനും സംസാരിക്കുവാനും നമ്മുടെ ജീവിതത്തെ നിയന്ത്രിക്കുവാനും മനസ്സോടെ ഇടംകൊടുത്താൽ, ദൈവകൃപ അനുഭവിക്കുവാൻ കഴിയും. പ്രാർത്ഥനയിലും ഇതുതന്നെ ആവശ്യം. തിരിഞ്ഞു ശിശുക്കളെപ്പോലെ ആകുവാൻ ഇവിടെയും unlearning സംഭവിക്കേണ്ടതാകുന്നു.

മത്തായി 6:5
5 നിങ്ങൾ പ്രാർത്ഥിക്കുമ്പോൾകപടഭക്തിക്കാരെപ്പോലെആകരുതു;
അവർമനുഷ്യർക്കുവിളങ്ങേണ്ടതിന്നുപള്ളികളിലുംതെരുക്കോണുകളിലും
നിന്നുകൊണ്ടുപ്രാർത്ഥിപ്പാൻഇഷ്ടപ്പെടുന്നു;
അവർക്കുപ്രതിഫലംകിട്ടിപ്പോയിഎന്നുഞാൻസത്യമായിട്ടുനിങ്ങളോടുപറ
യുന്നു.

സാധാരണ ഒരു വ്യക്തിയുടെ വളർച്ചയെ നാം ഒരു വൃക്ഷത്തോടോ ചെടിയോടൊ ഉപമിക്കാറുണ്ട്. വളരുമ്പോൾ ഉയർച്ച കൂടുന്നതാണ് ഒരു ചെടിയുടെ പ്രത്യേകത. വളരുംതോറും പുഷ്ടിയും ബലവുമുള്ള ആ ചെടി പതിയെ ഒരു വൃക്ഷമായി വളരുന്നു. പിന്നീട് പൂക്കുകയും കായ്ക്കുകയും ചെയ്യുന്നു.

എന്നാൽ, ആത്മീയ വിഷയത്തെക്കുറിച്ചു നാം സംസാരിക്കുമ്പോൾ പൊതുവെ ഉപയോഗിച്ചുവരുന്ന ഒരു വാക്കാണ് 'ആഴം' എന്നത്. ഉദാഹരണമായി, ദൈവകൃപയുടെ ആഴം എന്ന വാക്കു നാം കേൾക്കാറുണ്ട്. 'ആഴം' എന്നത് ഏതൊരു ആത്മീക വിഷയത്തിന്റെയും, മേൽപ്പരപ്പിൽനിന്നും താഴേക്കുള്ള യാത്രയാണ്.

അതിനർത്ഥം, ആത്മീയ വളർച്ചയെന്നത് ഒരുവൻ ശോഷിച്ചും ശുഷ്കിച്ചും തകർന്നും പോവുന്ന അവസ്ഥ എന്നല്ല പ്രത്യുത, ക്രിസ്തീയ ആത്മീയത എന്നത് ചിലരെങ്കിലും പ്രതീക്ഷിക്കുന്നതുപോലെ വളരുംതോറും വിശാലപ്പെട്ടും അംഗീകരിക്കപ്പെട്ടും പ്രശസ്തിക്കപ്പെട്ടും പരാമർശിക്കപ്പെട്ടും ചിലരിലെങ്കിലും വാഴ്ത്തിപ്പാടപ്പെട്ടും പലകൂട്ടങ്ങളാൽ ഉയർത്തപ്പെട്ടും പോവുന്ന അവസ്ഥയല്ല. അതേ, തീർച്ചയായും മേൽപ്പറഞ്ഞ ചിലതെങ്കിലും മനുഷ്യനു ലഭിച്ചേക്കാം, നല്ലതുതന്നേ, എന്നാൽ ദൈവത്തോടുള്ള ബന്ധത്തിൽ വളരുംതോറും നാം ആഴിയുടെ അഗാധയിലേക്കു പോവുന്ന അനുഭവമായിരിക്കും ഉണ്ടാവുക. 'ആഴം' എന്നത് ഒരിക്കലും ഒരു കുഴപ്പം സൃഷ്ടിക്കുന്ന വാക്കല്ല. അവിടെ നാം മനസ്സിലാക്കിയെടുക്കേണ്ടുന്ന ഒരു യാഥാർഥ്യം എന്തെന്നാൽ, ഒരിക്കലും ആത്മീയ ജീവിതത്തിന്റെ പൂർണ്ണത അനുഭവിച്ചുതീർക്കുവാൻ നമുക്കു കഴിയുകയില്ല എന്ന സത്യം ഉൾക്കൊണ്ടുകൊണ്ട് ദൈവം നൽകിത്തരുന്ന സകലബോധ്യങ്ങളിലും അനുസരണത്തോടെ പ്രാർത്ഥനയോടെ നിന്നുകൊണ്ട് ഈ ഭൂമിയിൽ മനുഷ്യരുടെയിടയിലും സകല ജീവികൾക്കും മദ്ധ്യേ നാം ക്രിസ്തുവിൽ നിലനിൽക്കുവാൻ ശ്രമിക്കുക എന്നതാണ്. ഇത്തരമൊരു ജീവിതരീതി 'ആഴം' എന്നതിൽ മറഞ്ഞിരിപ്പുണ്ട്.ക്രിസ്തീയ ആത്മീയ ജീവിതം അനിശ്ചിതത്വത്തിന്റെ (uncertainty)ജീവിതമല്ല. പ്രതിസന്ധികൾ നിശ്ചയമായും കടന്നുവരും എന്നാൽ, ഒരു അനിശ്ചിതത്വത്തിലേക്ക് നമ്മുടെ ജീവിതം നിപതിക്കുകയില്ല.

സ്വർഗം ലഭിക്കുവാൻ വേണ്ടിയാകരുത് നമ്മുടെ ജീവിതത്തിലെ ഓട്ടം. ഓട്ടത്തിന്റെ സകല ലക്ഷ്യവും ക്രിസ്തു മാത്രവും ക്രിസ്തുവിൽ തന്നെയുമായിരുന്നാൽ സ്വർഗം നമുക്കു താനേ ലഭിക്കും. ദൈവത്തെക്കാൾ അധികമായി സ്വർഗ്ഗത്തിലെ യാതൊന്നും നമുക്കു അനുഭവിക്കുവാൻ കഴിയുകയില്ല എന്നതാണ് സത്യം.

യോഹന്നാൻ 3: 30
30 അവൻ വളരേണം, ഞാനോകുറയേണംഎന്നുഉത്തരംപറഞ്ഞു.

ആത്മീയജീവിതത്തെ കൂടുതൽ അറിയുംതോറും നമുക്കു ലഭിച്ച അറിവുകളും പരിചയങ്ങളും പരിമിതകളാകുന്നു എന്നതാണ് വാസ്തവം. യോഹന്നാൻ സ്നാപകൻ പറഞ്ഞത് ഒരു വെറുംവാക്കല്ലെന്നും അത് സ്വതവേ നമ്മിൽ സംഭവിക്കേണ്ടുന്ന ഒരു പ്രക്രിയകളെന്നാണെന്നും ഒരുനാൾ നാമെല്ലാവരും തിരിച്ചറിയും.

പാട്ടിലും വർണ്ണനകളിലും സ്വർഗ്ഗത്തിലെ മറ്റെന്തിനെക്കുറിച്ചു ആയിരമാവർത്തി വർണ്ണിച്ചാലും (സ്വർണ്ണത്തെരുവും പളുങ്കുകടലും ..) സ്വർഗം സ്വർഗമാവുന്നതു ദൈവം വസിക്കുന്നതുകൊണ്ടാണ്. ഇതേ പ്രത്യാശയുടെ ഉറപ്പു നമ്മുടെ ക്രിസ്തീയ ജീവിതത്തിലും കടന്നുവരുമ്പോൾ നമ്മുടെ പ്രാർത്ഥനകളിലും ഇത് താനേ പ്രതിഫലിക്കപ്പെടും.

2 തിമൊഥെയൊസ് 3:12-17

12 എന്നാൽ ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിപ്പാൻ മനസ്സുള്ളവർക്കു
എല്ലാം ഉപദ്രവം ഉണ്ടാകും.
13 ദുഷ്ടമനുഷ്യരും മായാവികളും വഞ്ചിച്ചും വഞ്ചിക്കപ്പെട്ടുംകൊണ്ടു
മേല്ക്കുമേൽ ദോഷത്തിൽ മുതിർന്നു വരും.
14 നീയോ ഇന്നവരോടു പഠിച്ചു എന്നു ഓർക്കുകയും
ക്രിസ്തുയേശുവിങ്കലുള്ള വിശ്വാസത്താൽ നിന്നെ രക്ഷെക്കു
ജ്ഞാനിയാക്കുവാൻ മതിയായ തിരുവെഴുത്തുകളെ ബാല്യംമുതൽ
അറികയും ചെയ്യുന്നതു കൊണ്ടു
15 നീ പഠിച്ചും നിശ്ചയം പ്രാപിച്ചും ഇരിക്കുന്നതിൽ നിലനിൽക്ക.
16 എല്ലാതിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ
മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ചു തികഞ്ഞവൻ
ആകേണ്ടതിന്നു
17 ഉപദേശത്തിന്നും ശാസനത്തിന്നും ഗുണീകരണത്തിന്നും നീതിയിലെ
അഭ്യാസത്തിന്നും പ്രയോജനമുള്ളതു ആകുന്നു.

നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്ന സകല ദോഷംകാര്യത്തെയും ദൈവത്തിന്റെ നാമത്തിലുള്ള കഷ്ടമായി കാണേണ്ടതില്ല. അത് ഒരിക്കലും ദൈവനാമം മഹത്വപ്പെടുവാൻ കരണമാവുകയില്ല. എന്നാൽ നാം അവയെ പ്രാർത്ഥനാപൂർവ്വം ശോധനചെയ്താൽ, ആ സംഭവിക്കപ്പെട്ട കാര്യങ്ങളുടെമേൽ ദൈവം നമുക്കായി ഒരു മറുപടി നൽകുകയും നമ്മെ തന്റെ കരങ്ങളിൽ മറച്ചുപിടിക്കുകയും ചെയ്യും. നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്ന കാര്യങ്ങളെ മൂന്നു വ്യത്യസ്തമായ നിലകളിൽ മനസ്സിലാക്കുവാൻ കഴിയും.

1. നമ്മുടെ ജീവനുനേരെ വരുന്ന ഭീഷണികൾ
(ഉദാഹരണമായി, ആരോഗ്യപ്രശ്നങ്ങൾ, ശാരീരികമായ ക്ലേശങ്ങൾ)

2 തിമൊഥെയൊസ് 4:22
6 ഞാനോ ഇപ്പോൾതന്നേ പാനീയയാഗമായി ഒഴിക്കപ്പെടുന്നു; എന്റെ നിര്യാണകാലവും അടുത്തിരിക്കുന്നു.

2. മനസ്സിനുനേരെ വരുന്ന വെല്ലുവിളികൾ
(ഉദാഹരണമായി, കഠിനപ്പെടുന്ന മനസ്സ്, ദോഷം മാത്രം നിരൂപിക്കുന്ന ചിന്തകൾ, വിചാരപ്പെടുന്നതിനാലുള്ള ദുഃഖം)

പ്രവൃത്തികൾ 9:11-16
11 കർത്താവു അവനോടു: നീഎഴുന്നേറ്റുനേർവ്വീഥിഎന്നതെരുവിൽചെന്നു,
യൂദയുടെവീട്ടിൽതർസൊസുകാരനായശൌൽഎന്നുപേരുള്ളവനെഅന്വേഷിക്ക;
12 അവൻ പ്രാർത്ഥിക്കുന്നു;
അനന്യാസ്എന്നൊരുപുരുഷൻഅകത്തുവന്നുതാൻകാഴ്ചപ്രാപിക്കേണ്ടതിന്നുതന്റെമേലകൈവെക്കുന്നതുഅവൻകണ്ടിരിക്കുന്നുഎന്നുകല്പിച്ചു.
13 അതിന്നു അനന്യാസ്: കർത്താവേ,
ആമനുഷ്യൻയെരൂശലേമിൽനിന്റെവിശുദ്ധന്മാർക്കുഎത്രദോഷംചെയ്തുഎന്നുപലരുംപറഞ്ഞുഞാൻകേട്ടിരിക്കുന്നു.
14 ഇവിടെയും
നിന്റെനാമത്തെവിളിച്ചപേക്ഷിക്കുന്നവരെഒക്കെയുംപിടിച്ചുകെട്ടുവാൻഅവന്നുമഹാപുരോഹിതന്മാരുടെഅധികാരപത്രംഉണ്ടുഎന്നുഉത്തരംപറഞ്ഞു
15 കർത്താവു അവനോടു: നീപോക;
അവൻഎന്റെനാമംജാതികൾക്കുംരാജാക്കന്മാർക്കുംയിസ്രായേൽമക്കൾക്കുംമുമ്പിൽവഹിപ്പാൻഞാൻതിരഞ്ഞെടുത്തിരിക്കുന്നൊരുപാത്രംആകുന്നു.
16 എന്റെ
നാമത്തിന്നുവേണ്ടിഅവൻഎന്തെല്ലാംകഷ്ടംഅനുഭവിക്കേണ്ടതാകുന്നുഎന്നുഞാൻഅവനെകാണിക്കുംഎന്നുപറഞ്ഞു.

3. ആത്മാവിനുനേരെ വരുന്ന പോരാട്ടങ്ങൾ
(തികച്ചും ആത്മീയമായവ. ഉദാഹരണമായി, നമ്മുടെ പ്രാർഥനയ്ക്കുവിരോധമായിവരുന്ന ചിന്തകൾ, ആകുലതകൾ എന്നിവ, ആത്മീയ ജീവിതത്തെ മറിച്ചുകളയുവാൻ കടന്നുവരുന്ന പ്രയാസങ്ങൾ, പാപ ചിന്തകൾ, ദൈവത്തോടുള്ള ആത്മീയ ബന്ധം നഷ്ടപ്പെട്ടുപോവുന്ന അവസ്ഥകൾ, അകാരണമായി നമ്മിലേക്ക് കടന്നുവരുന്ന ആധിയും പ്രയാസങ്ങളും)

2 തിമൊഥെയൊസ് 4:22
22 യേശുക്രിസ്തു നിന്റെ ആത്മാവോടുകൂടെ ഇരിക്കട്ടെ. കൃപ നിങ്ങളോടുകൂടെ ഇരിക്കുമാറാകട്ടെ

ദാനിയേലിന്റെ ജീവിതത്തെ നോക്കുക. ദാനിയേലിനു ദൈവം കൊടുത്ത ജ്ഞാനം, അദ്ദേഹം സ്വപനങ്ങളിലും ദർശനങ്ങളിലും മാത്രമായി ഒതുക്കിയില്ല. പ്രത്യുത, അതേ ജ്ഞാനം തന്റെ പ്രാർത്ഥനയിലേക്കും കൊണ്ടുവന്നു.

ദാനീയേൽ 6:10-11
10 എന്നാൽ രേഖ എഴുതിയിരിക്കുന്നു എന്നു ദാനീയേൽ അറിഞ്ഞപ്പോൾ അവൻ വീട്ടിൽ ചെന്നു,--അവന്റെ മാളികമുറിയുടെ കിളിവാതിൽ യെരൂശലേമിന്നു നേരെ തുറന്നിരുന്നു--താൻ മുമ്പെ ചെയ്തുവന്നതുപോലെ ദിവസം മൂന്നു പ്രാവശ്യം മുട്ടുകുത്തി തന്റെ ദൈവത്തിന്റെ സന്നിധിയിൽ പ്രാർത്ഥിച്ചു സ്തോത്രം ചെയ്തു.
11 അപ്പോൾ ആ പുരുഷന്മാർ ബദ്ധപ്പെട്ടു വന്നു, ദാനീയേൽ തന്റെ ദൈവത്തിൻ സന്നിധിയിൽ പ്രാർത്ഥിച്ചു അപേക്ഷിക്കുന്നതു കണ്ടു.

ഇവയെ പൂർണ്ണമായും തിരിച്ചറിഞ്ഞുകൊണ്ട് പ്രാർത്ഥിക്കുമ്പോൾ ദൈവം നമുക്കു ഇത്തരം വിഷയങ്ങൾ പ്രാർത്ഥിക്കുവാൻ ആവശ്യമായ ജ്ഞാനവും കൃപയും ബലവും നൽകുന്നു. നമ്മുടെ പ്രാർത്ഥനാ ജീവിതത്തെ അല്പം ഏകാഗ്രമാക്കുവാൻ ഇത്തരത്തിലുള്ള വിവേചനപ്രകാരമുള്ള പ്രാർത്ഥന സഹായിക്കും.

യാക്കോബ് 3: 14-17
14 എന്നാൽ നിങ്ങൾക്കു ഹൃദയത്തിൽ കൈപ്പുള്ള ഈർഷ്യയും ശാഠ്യവും ഉണ്ടെങ്കിൽ സത്യത്തിന്നു വിരോധമായി പ്രശംസിക്കയും ഭോഷ്കു പറകയുമരുതു.

15 ഇതു ഉയരത്തിൽനിന്നു വരുന്ന ജ്ഞാനമല്ല, ഭൌമികവും പ്രാകൃതവും പൈശാചികവും ആയതത്രേ.
16 ഈർഷ്യയും ശാഠ്യവും ഉള്ളേടത്തു കലക്കവും സകല ദുഷ്പ്രവൃത്തിയും ഉണ്ടു.
17 ഉയരത്തിൽനിന്നുള്ള ജ്ഞാനമോ ഒന്നാമതു നിർമ്മലവും പിന്നെ സമാധാനവും ശാന്തതയും അനുസരണവുമുള്ളതും കരുണയും സൽഫലവും നിറഞ്ഞതും പക്ഷപാതവും കപടവും ഇല്ലാത്തതുമാകുന്നു.

ആത്മീയമെന്നു പുറമേതോന്നുന്ന നമ്മുടെ കവചങ്ങൾ മാറ്റിവച്ചുകൊണ്ടു ദൈവസന്നിധിയിൽ പ്രാർത്ഥനയോടെ നാം കടന്നുവന്നാൽ, ദൈവീകയിഷ്ടങ്ങൾ, അവയുടെ എല്ലാ പൂർണ്ണതകളോടുംകൂടി ഈ ഭൂമിയിൽചെയ്യുവാൻ ദൈവം നമ്മെ സഹായിക്കും.

എബ്രായർ 13:20-21
20 നിത്യനിയമത്തിന്റെ രക്തത്താൽ ആടുകളുടെ വലിയ ഇടയനായ നമ്മുടെ കർത്താവായ യേശുവിനെ മരിച്ചവരുടെ ഇടയിൽനിന്നു മടക്കിവരുത്തിയ സമാധാനത്തിന്റെ ദൈവം
21 നിങ്ങളെ അവന്റെ ഇഷ്ടം ചെയ്വാൻ തക്കവണ്ണം എല്ലാനന്മയിലും യഥാസ്ഥാനപ്പെടുത്തി തനിക്കു പ്രസാദമുള്ളതു യേശുക്രിസ്തുമുഖാന്തരം നമ്മിൽ നിവർത്തിക്കുമാറാകട്ടെ; അവന്നു എന്നേക്കും മഹത്വം. ആമേൻ.

നമുക്കു പ്രാർത്ഥിക്കാം, ഞങ്ങളുടെ നല്ല പിതാവേ, ആത്മീയജീവിതം സംബന്ധിച്ചു നാളിതുവരെ ഞങ്ങൾ കേട്ടതും മനസ്സിലാക്കിയതും പഠിച്ചതുമായ എല്ലാ കാര്യങ്ങളെയും ഞങ്ങളുടെ സ്വന്തബുദ്ധിയെയും അങ്ങയുടെ കരങ്ങളിലേക്ക് ഏല്പിച്ചുതരുന്നു. തിരുവചനപ്രകാരം പരിശുദ്ധാത്മനിയോഗത്താൽ ദൈവയിഷ്ടപ്രകാരമായതു ചെയ്യുവാൻ ഞങ്ങളെ പരിശീലിപ്പിക്കേണമേ. അവയല്ലാതെ ഞങ്ങളിൽ സ്ഥാപിതമായ എല്ലാ മാനുഷിക കല്പനകളെയും ഇഷ്ടങ്ങളെയും ഉപേക്ഷിച്ചുകൊണ്ടു അങ്ങയുടെ നാമമഹത്വത്തിനായി ജീവിക്കാൻ ഞങ്ങളെ സഹായിക്കേണമേ. ആമേൻ.

ദൈവം നമ്മെ എല്ലാവരെയും അധികമായി സഹായിക്കുമാറാകട്ടെ.

- ജിബി തോമസ്

ജീവിതങ്ങളിലൂടെ വാക്കുകളിലൂടെ

അഗ്നിശോധനയിൽക്കൂടി കടന്നുപോവുമ്പോൾ
നമ്മിലെ മാനുഷികങ്ങളായ ശുഭപ്രതീക്ഷയേയും
ദൈവീകമായ പ്രത്യാശയേയും നാം
വേർതിരിച്ചറിയും.
ഒന്ന് മറ്റൊന്നിനെ കീഴടക്കുകയും അതിന്മേൽ
വാഴുകയും നമ്മിൽ സ്ഥിരവാസം ചെയ്യുകയും
ചെയ്യും.

When we go through the trial by fire, we will be able to distinguish between our human optimism and divine hope. One will overpower and reign over the other, and will reside permanently within us.

- Divine Hope Missionaries (Bristol,UK)

Listen to our Malayalam Audio Bible

://www.youtube.com/@jibymonkombil

മലയാളം ഓഡിയോ ബൈബിളിനായി മുകളിലുള്ള ലിങ്ക് തുറക്കുക, അല്ലെങ്കിൽ QR code സ്കാൻ ചെയ്യുക

Any Feedback / Queries :

Jiby Thomas +447823850578
jibymonkombil@gmail.com

DIVINE HOPE MISSIONARIES
BRISTOL